(ബി) വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. കൂടുതൽ പ്രവൃത്തികൾക്ക് ഇക വീണ്ടും അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പേരാമ്പ്ര മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾക്കായി ലഭിച്ച എസ്റ്റിമേറ്റുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം- III ആയി ചേർക്കുന്നു.*

പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

347 (1432) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എത്ര തുകയുടെ പ്രവൃത്തിക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അപ്രോച്ച് റോഡില്ലാത്തത് കാരണം പാലം പ്രയോജനരഹിതമായി കിടക്കുന്ന പ്രശ്നം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് 165 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, എത്രയും വേഗം പ്രവൃത്തി ഇടങ്ങി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

348 (1433) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരു റോഡുപോലും ലഭിക്കാത്ത മണ്ഡലങ്ങളിൽ റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിന് ഒരു റോഡ് പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം റോഡുകൾക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം ചില മണ്ഡലങ്ങളിൽ ഒരു റോഡിനുപോലും ഭരണാനുമതി ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിപ്രകാരം, കോങ്ങാട് മണ്ഡലത്തിലെ ഗ്രാമീണ് റോഡുകൾ പുനരുദ്ധരിക്കുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

അയ്യപ്പാട്-അവിയകളം-കുരിശുംമൂട് റോഡ്

349 (1434) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള അയ്യപ്പാട്-അവിയകളം-കുരിശുംമൂട് റോഡ് നിർമാണത്തിന് ഇക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെല്ലാം നിവേദനങ്ങൾ നൽകുകയുണ്ടായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയശേഷമാണോ എത്ര ഇക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അടൂർ എം എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ ടാറിംഗ്

350 (1435) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ ടാറിംഗിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly